# സത്യവും കവിതയും
## എം.ആർ. ചന്ദ്രശേഖരൻ

കവിത വായിക്കുകയോ, ദുസ്വപ്നം കാണുകയോ? ഷഷ്ടിപൂർത്തിപ്പടി കയറുന്ന ഇടശ്ശേരി ഗോവിന്ദൻ നായരുടെ കവിതാസമാഹാരങ്ങൾ വീണ്ടും മനസ്സിരുത്തി വായിച്ചപ്പോൾ ഇങ്ങിനെ സ്വയം ചോദിക്കാൻ തോന്നി. എന്തെല്ലാം കാഴ്ചകളാണ് കണ്ടത്! ഈ മനുഷ്യൻ എത്രയധികം തീയാണ് തന്റെ കൃതികളിൽ കനലിച്ച് കൂട്ടിയിരിക്കുന്നത്! അദ്ദേഹത്തിന്റെ ഈരടിക്കരിന്തിരികളിൽ തിരുപ്പിടിച്ചാൽ മതി, ഹൃദയത്തിൽ തീക്കുടുക്കകൾ പൊട്ടിത്തെറിക്കും. ഇടശ്ശേരിക്കവിതകളിൽ മുഴുകുക – അത് തികച്ചും വ്യത്യസ്തമായ ഒരനുഭവമത്രേ. മലയാളത്തിലെ മറ്റൊരു കവിയും തന്റെ കവിതക്കുമ്പങ്ങളിൽ പൊട്ടാസിട്ട വെടിമരുന്ന് ഇത്രയും സമൃദ്ധമായി അടുത്തൊന്നും കുത്തി നിറച്ചിട്ടില്ല. ഇവയിൽ 'പണിമുടക്കം', 'ചകിരിക്കുഴികൾ', 'പുത്തൻ കലവും അരിവാളും', 'കുടിയിറക്കൽ', 'ബുദ്ധനും ഞാനും നരിയും' 'സാഗരസ്തുതി', 'പൂജാപുഷ്പം' തുടങ്ങിയ കവിതകളെ ഒന്നിച്ചെടുത്തു പറയാൻ ഞാനിഷ്ടപ്പെടുന്നു. 'പൂജാപുഷ്പ'ത്തിൽ കവി ഒരു സത്യം തുറന്നടിയ്ക്കുന്നുണ്ട്: 'ക്രൂരതേ നീ താനത്രേ ശാശ്വതസത്യം!' തിരിഞ്ഞാൽ തിരിഞ്ഞേടത്തെല്ലാം കവി ഈ സത്യം കാണുന്നു. 'പണിമുടക്ക'ത്തിൽ ഒമ്പതു കുഞ്ഞുങ്ങൾക്ക് താനൊറ്റക്ക് അന്തിമഭവനം നിർമ്മിച്ചു കൊടുത്ത രാമന് ഈ വസ്തുതയാണ് പറയാനുള്ളത്, ഒമ്പതു മക്കളും അമ്മയും പട്ടിണി കിടക്കെ, മാസങ്ങൾ നീണ്ട പോയ കമ്പനിപ്പണിമുടക്കത്തിൽ കഥാനായകൻ പതറാതെ നിന്നു. പോലീസിന്റെ അടിയേറ്റു മുടന്തിയ, ചോരയൊലിയ്ക്കുന്ന കാലും വച്ചാണ് ജീവച്ഛവമായ ഭാര്യയോടൊപ്പം അയാൾ കുഴി വെട്ടിയത്. അതിന്റെ മറുവശത്തോ, വാശിപിടിച്ച് കമ്പനി പൂട്ടിയിട്ട മുതലാളി പ്രിയതമയൊത്ത് സ്വൈരമായി വിസ്തരിച്ച 'പുത്രകാമേഷ്ടി' നടത്തുന്നു. മനുഷ്യൻ പൊട്ടിത്തെറിച്ചു പോകുന്ന ഒരവസ്ഥ! ഇവിടെയല്ലെങ്കിൽ, മറ്റെപ്പോഴാണ്,

'.....പൊട്ടരുതൊറ്റക്കൂമ്പും
കുടിലദുർമ്മർത്ത്യതേ, നിൻ കടയ്ക്കൽ!'

എന്നു കൊടുംശാപം പൊട്ടിച്ചീറേണ്ടത്!

ഇടശ്ശേരിയുടെ ഈ കവിത മനസ്സടക്കി നിർത്തി വായിക്കുക കേവലം ക്ലേശകരമാകുന്നു.

'അഴലും പൊരിച്ചലും വീട്ടിനുള്ളിൽ
തൊഴിയുമിടിയും പെരുവഴിയിൽ'

ഇതാണ് പണിമുടക്കകാരനായ രാമന്റെ അനുഭവം. അവന്റെ വർഗ്ഗക്കാരായ,

ഇരുപുറമിട്ടു പൊതുക്കിടുമീ–
യൊരുതരം മദ്ദളങ്ങൾക്കശേഷം
ഇടനെഞ്ചിൽ വിങ്ങി മുഴങ്ങി നിൽപൂ
സ്ഫുടത കിട്ടാത്തോരിരമ്പലുകൾ'

ആ ഇരമ്പലുകളെ കവി ഒന്നിച്ചു സ്വരൂപിച്ചെടുത്ത് സൃഷ്ട്യുന്മുഖമായ ഒരു മാർഗ്ഗത്തിലേയ്ക്കു തിരിച്ചു വിടാൻ ശ്രമിക്കുന്നു.

'കുഴി വെട്ടി മൂടുക വേദനകൾ
കുതി കൊൾക ശക്തിയിലേക്കു നമ്മൾ'

'പ്രതിരോധമൊക്കെയും തട്ടി നീക്കി കുതികൊൾക ശക്തിയിലേക്കു നമ്മൾ'

ഈ വരികളെക്കൊണ്ടാണ്, ഇടശ്ശേരി 'ശക്തിയുടെ കവി' ആയിത്തീർന്നത്. ഈ പേരു വിളിച്ചു വാസ്തവത്തിൽ കവിയെ ആരാധകന്മാർ അവമതിപ്പെടുത്തുകയാണ് ചെയ്തത്. പേരുകൾ, തേഞ്ഞ് എടുക്കാതായ നാണയം പോലെ കിടന്നേടത്തു കിടക്കും. ഇതു പലരുടെ കാര്യത്തിലും ഇവിടെ സംഭവിച്ചിട്ടുള്ളതാണല്ലോ!

അതിരിക്കട്ടെ. നമുക്കു കവിതയിലേക്കു തന്നെ തിരിച്ചു പോവുക. 'പണിമുടക്ക'ത്തിലെ ഒരു ദൃശ്യം മനക്കണ്ണിൽ നിന്നു മാഞ്ഞുപോകുന്നില്ല. എട്ടു മക്കളെ കുഴിയ്ക്കു കൊടുത്തശേഷം, അവശേഷിച്ച തന്റെ ആദ്യസന്താനത്തെ മാറോടണച്ചു കേഴുന്ന അമ്മയുടെ ചിത്രമാണത്;

'കുളിർ കേറിടായ്വാനക്കൊച്ചുദേഹം
തനതുരസ്തട്ടിൽപ്പിടിച്ചു പൂട്ടി
മൃതിയോടു കെഞ്ചുകയാണമ്മാതാ–
'വിതിനെത്തരില്ല, തരില്ല തന്നെ!'

മൃതിയോളം നിർദ്ദയനായിട്ടാണ് കവി ഇവിടെ പെരുമാറുന്നത്. കവി അമ്മയ്ക്ക് മകനെ വിട്ടു കൊടുത്തില്ല. അദ്ദേഹം ജീവിതത്തിലെ സത്യാനുഭവമായ ക്രൂരതയുടെ ആഴമളക്കുകയാണ്. ഒറ്റക്കുഞ്ഞും ബാക്കി നിന്നു കൂട. ക്രൂരതയുടെ നിയമം അതാണ്.

ജീവിതത്തെ ദുഃഖസങ്കുലമാക്കുന്നതു ഈ ക്രൂരതയത്രേ. ദുഃഖത്തെ മൂന്നു വിധമായി വിവരിക്കാറുണ്ടല്ലോ. ദൈവകൃതം, മനുഷ്യകൃതം, സ്വയംകൃതം. ആദ്യത്തേതിനെ പ്രകൃതികൃതം എന്ന് ഭൗതികവാദികൾക്ക് പേരു മാറ്റി വിളിക്കാം. സാമൂഹ്യ വീക്ഷണമുള്ള ഒരു കവി മുഖ്യമായി ഊന്നുക മനുഷ്യകൃതങ്ങളായ മനുഷ്യദുഃഖങ്ങളിലാണ്. ഇതാണ് ഇടശ്ശേരിയുടെ സമ്പ്രദായം. മനുഷ്യൻ മനുഷ്യനോടു കാട്ടുന്ന ക്രൂരതയിലാണ് അദ്ദേഹം മനസ്സൂന്നുന്നത്. മറ്റു രണ്ടു വഴിക്കുള്ള ദുഃഖങ്ങളിൽ ഒന്നിന് മിക്കവാറും പ്രതിവിധിയില്ല, രണ്ടാമത്തേതു കൊണ്ടു വലയുന്നവർ കേവലം വിഡ്ഢികളാകുന്നു.

### പരിഹാരം

മനുഷ്യകൃതമായ ദുഃഖത്തിന്നു പരിഹാരമുണ്ട്. അതിൽ ഇടശ്ശേരി വിശ്വസിക്കുന്നു. 'പുത്തൻ കലവും അരിവാളും' എന്ന കവിതയിൽ ആ പരിഹാരം അദ്ദേഹം തുറന്നു നിർദ്ദേശിച്ചിരിക്കുന്നു. വേദനകൾ കുഴി

വെട്ടി മൂടി ശക്തിയിലേക്കു കുതിക്കുന്ന മനുഷ്യൻ, പിന്നീടു അധികാരം കൊയ്യണം. അഹോ! ഇതെന്തു സംഗതി! അധികാരം മനുഷ്യരുടെ കയ്യിൽത്തന്നെയല്ലേ ഉള്ളത്? കവിയുടെ ചോദ്യം: ഏതു തരം മനുഷ്യരുടെ? അരിവാളേന്തുന്ന മനുഷ്യരുടെ പക്കൽ അധികാരമുണ്ടോ? അരിവാളേന്തിയവൻ ആ ആയുധത്തെ മൂഢരീത്യാ ഉപയോഗിച്ചാൽ അവൻ തുലഞ്ഞതു തന്നെ. വിത്തു വിതച്ചവൻ നോക്കി നിൽക്കേ, ജന്മിത്വം ആമീനാകുന്ന നിയമപ്രതിനിധിയുടെ പിൻബലത്തോടെ കൊയ്ത്തു നടത്തി ആരാന്റെ പ്രയന്തഫലം തട്ടിക്കൊണ്ടുപോയി.

'ഒരു പിടി കൊള്ളക്കാർ കരുതി വെച്ചുള്ളതാ–

മധികാരത്തിൻ തണൽ പറ്റി.....'

ക്കൊണ്ടാണ് ഈ അന്യായം പ്രവർത്തിച്ചത്. അതിന്നെതിരെ, അരിവാളെടുത്ത് പാഞ്ഞിട്ടെന്താണ് പ്രയോജനം? നിയമത്തിന്റെ ദണ്ഡനീതി അതിന്നെതിരെ നീളും. വഞ്ചിതനായ കൃഷിക്കാരന് കവി സമചിത്തത ഉപദേശിക്കുന്നു. അവന്റെ പ്രശ്നം ഇങ്ങനെ മാത്രം പരിഹരിക്കാം:

'അധികാരം കൊയ്യണമാദ്യം നാം
അതിനു മേലാകട്ടെ പൊന്നാര്യൻ.'

ഈ കവിയുടെ ആത്മസംയമശീലം ശ്ലാഘനീയമാകുന്നു. ഏതു ക്ഷോഭത്തിന്നിടയ്ക്കും അദ്ദേഹം കലങ്ങാതെ നിൽക്കുന്നു. നിയമനടത്തിപ്പുമായി അത്ര മേൽ ബന്ധപ്പെട്ടു ജീവിക്കുന്ന ഒരു കവിയിൽ ഇത് ഉചിതം തന്നെ. മറ്റൊരു സാധാരണകവി, അയാൾക്ക് ഇത്തിരി വിപ്ലവച്ചാർച്ചിൽ കൂടിയുണ്ടെങ്കിൽ, ഇത്തരമൊരു സന്ദർഭത്തിൽ, ആവേശം കൊണ്ടു മറുകണ്ടം ചാടി തന്റെ കവിത്വത്തെത്തന്നെ അവതാളത്തിലാക്കുമായിരുന്നു.

എന്നാൽ, സംയമശീലനായ ഇടശ്ശേരിക്കവി ആവേശം കാണിക്കുന്നതിനു പകരം വിന പെട്ട കൃഷിക്കാരന്റെ കേസ്സ് ഭംഗിയായി വാദിച്ചുറപ്പിക്കുന്നു. കൃഷിക്കാരനായ കോമൻ വേർപ്പൊഴുക്കി പൊന്നാര്യൻ വിളയിച്ച കഥ കവി ഹൃദയംഗമമായി വർണ്ണിയ്ക്കുന്നു. കതിരു പഴുത്ത പൊന്നാര്യൻ കണ്ടങ്ങൾക്കു ചുറ്റും കവി, കോമന്റെ വീട്ടിലെ അവശ്യാവശ്യങ്ങളുടെ പട്ടികക്കോലുകൾ നിരത്തി പ്രതീക്ഷയുടെ ഒരു വേലികെട്ടിക്കയറ്റുന്നു. ആ വേലി പൊളിച്ചു ചാടിച്ചെന്നാണ് ജന്മിക്കള്ളിപ്പയ്യ് പുഞ്ചമുടിച്ചത്. അനധികൃതമായി, അക്രമമായി അന്യന്റെ ഉഭയത്തിൽ കയ്യേറ്റം നടത്തുന്നവനോടുള്ള എതിർപ്പ്, ഈ കവിതയിൽ അനുവാചകന് വിള കൊയ്തജന്മിയോടു തോന്നും. കവിയുടെ നിഷ്ഠാപൂർവ്വകമായ അവധാനമാണ് നാമിവിടെ കാണുന്നത്. ആ അവധാനം നാളത്തെ കൃഷിക്കാരനേയും, ജനസാമാന്യത്തേയും പ്രബുദ്ധതയിലേയ്ക്കു ഉയർത്താനും സ്വരക്ഷാമാർഗ്ഗം കണ്ടെത്താനും സഹായിക്കുന്നുണ്ട്.

ഇടശ്ശേരിയുടെ കവിതകൾ നമ്മെ രസിപ്പിക്കുക മാത്രമല്ല പഠിപ്പിക്കുകയും ചെയ്യുന്നു. അത് നമ്മുടെ ഹൃദയാന്തരാളത്തിൽ മാനവപ്രശ്നങ്ങളെ എറിഞ്ഞ് പിടിപ്പിച്ച് നമ്മിൽ അസഹ്യമായ ഒരു തരം അസ്വസ്ഥത സൃഷ്ടിക്കുകയും സാമൂഹ്യപ്രശ്നങ്ങളിൽ നമ്മെ തല്പരരാക്കുകയും ചെയ്യുന്നു.

'കുടിയിറക്കൽ' എന്ന കവിതയിൽ ഏതു മനുഷ്യനും ഇത്തിരി മണ്ണ് സ്വന്തമായി കിട്ടാനുള്ള അവകാശത്തെപ്പറ്റി കവി വാദിക്കുന്നു. ഉടമസ്ഥനില്ലാത്ത ഒരു തരി മണ്ണും ഇവിടെ ഇല്ല. ഉള്ള മണ്ണെല്ലാം ചുരുക്കം പേരുടെ അധീനത്തിലുമാണ്. സ്വന്തം കുടിൽ പൊളിച്ചു നീക്കപ്പെടുകയും ചട്ടി കലങ്ങൾ പുറത്തെറിയപ്പെടുകയും ചെയ്യുമ്പോൾ, ആ ദുർവ്വിധിയ്ക്കു പാത്രമായിത്തീരുന്ന മനുഷ്യനുണ്ടാകാവുന്ന മനോവേദനയെപ്പറ്റി നാം ചിന്തിച്ചിട്ടുണ്ടോ? ഇടശ്ശേരി അത്തരം കാര്യങ്ങളെപ്പറ്റിയാണ് മിക്കപ്പോഴും ചിന്തിക്കുന്നത്. ഒരു 'കോടതിപ്പക്ഷി'യായ കവിക്ക് അത്തരം അനേകം കഥകൾ നേരിട്ടു കണ്ടറിയാൻ ഇട വന്നിട്ടുണ്ടാകാം. അതുകൊണ്ടാണ്, ജന്മിവീട്ടിൽ ജനിച്ച്, ഉന്നതബിരുദമെടുത്ത്, മനുഷ്യന്റെ അനന്തങ്ങളായ മോഹഭംഗങ്ങളെപ്പറ്റി പാഴ്പ്പാട്ടു പാടുന്ന ടെറിലിൻ യുവകവികളിൽ നിന്ന് വ്യത്യസ്തനായി നിന്ന്, ഏകാന്തദീപ്തമെന്നു വാഴ്ത്തപ്പെടുന്ന പുത്തൻ നാഗരികതയുടെ മാസ്മരപ്പകിട്ടിനിടയ്ക്കും, നിർഭാഗ്യങ്ങളുടെ മങ്ങലിൽപ്പെട്ടു കിടക്കുന്ന കൃമിപ്രായരായ മനുഷ്യരുടെ കാര്യം ഇടശ്ശേരി സ്വയം ഏറ്റെടുത്തു വാദിക്കുന്നത്. ഈ കവി തനിച്ച ഗ്രാമീണനാണ്. പുതിയ ഇറക്കുമതിക്കവിതക്കമ്പങ്ങളിൽ പെട്ട് പോകാൻ മാത്രം പാശ്ചാത്യഭാഷാവല്ലഭനുമല്ല അദ്ദേഹം. മാത്രമല്ല, നിൽക്കുന്നേടമറിഞ്ഞ് നിൽക്കാനും, തന്നോടും ചുറ്റുപാടിനോടും നീതി പുലർത്താനും അദ്ദേഹത്തിനു വശതയുണ്ട്. തന്റെ ചുറ്റുപാടിൽ, നഗരത്തിലെ സുഭിക്ഷജീവിതത്തിന്റെ അടിക്കാടുകളേക്കാൾ, നാട്ടിൻ പുറത്തെ ചകിരിക്കുഴികളാണ്. യഥാർത്ഥം എന്നദ്ദേഹം കരുതുന്നു. ആ ചകിരിക്കുഴികളുടെ അടുത്തേക്ക് ഇടശ്ശേരിയോടൊപ്പം നമ്മുടെ ഇന്നത്തെ ഒരു യുവകവി പോകാൻ ധൈര്യപ്പെടുമോ? അവിടെ സംഭവിക്കുന്നത്:

'മനുജത ഹാ, ചീഞ്ഞളിയുകയത്രേ
ചകിരിക്കുഴി തൻ വക്കുകളിൽ
തരുണിമ വന്നു തളിർത്താളിന്നലെ–
യിവളിന്നേയ്ക്കൊരു മുതുമുത്തി
അരുണിമ കാണാമൊരു നാൾക്കവിളിൽ–
ക്കരുവാളിപ്പായെന്നെന്നും
ബാല്യം മുറ്റി വരുമ്പോഴേക്കും
മുതു കൂനിയ്ക്കും വാർദ്ധകമായ്
യൗവനമിവരിൽപ്പൂവിടൽ പക്ഷേ
പരലോകപ്പൂവനികയിലാം.'

ചകിരിക്കുഴികളിൽ മുങ്ങിക്കയറി, അളിഞ്ഞ ചകിരിയെ സ്വർണ്ണശലാകകളാക്കുന്ന ഈ മനുഷ്യവിഭാഗത്തിനു സമുദായത്തിലെ സ്ഥാനമെന്താണ്? ഇവരും ആ ചീഞ്ഞ ചകിരിയുമൊക്കും; ഇവർ ആ ചകിരിപോലല്ല, ആ ചകിരി ഇവരെപ്പോലെയാണെന്നു കവി പറയുന്നു:

'അപ്പടുകുഴിയിൽക്കൊതുവും പുഴുവും
തത്തിയളിഞ്ഞൊരു വെള്ളത്തിൽ
ചീഞ്ഞു കിടപ്പൂ, സമുദായത്തിൻ
വിഷമതലങ്ങളിലിവർ പോലെ

ചകിരികൾ സംസ്കാരത്താൽപ്പാരി–
ന്നപകൃതി ചെയ്യും കയറാവാൻ.'

സമൂഹശരീരത്തിലെ വ്രണങ്ങളെപ്പറ്റിയാണ് കവി ചിന്തിക്കുന്നത്. അദ്ദേഹം അസ്വസ്ഥനുമാണ്. ഒറ്റയടിക്ക് എല്ലാറ്റിനും പരിഹാരമുണ്ടാവുമോ? ഇല്ല. എന്നാൽ, എല്ലാ കാര്യങ്ങളെപ്പറ്റിയും ഏതാണ്ടറിവും ഗ്രഹിതവും ജനങ്ങൾക്കുണ്ടാകണം. എല്ലാത്തിനെപ്പറ്റിയും ഒരു കണക്കെടുപ്പുവേണം. ജീവിതത്തിന്റെ പല പല മുഖങ്ങളിലേയ്ക്കും കവി ഉറ്റു നോക്കുന്നു. 'സാഗരസ്തുതി'യിൽ അദ്ദേഹം പ്രത്യേക മുഖത്തെ വരച്ചു കാട്ടുന്നു:

'അരിയും ഗോതമ്പും തിനയും ചോളവും
കരിവിപണിയിൽക്കഴിവതും പൂഴ്ത്തി
വിളയിച്ച വെള്ളിയുറുപ്പിക കൂട്ടി
തുളപെടാ സ്വന്തം ഖജനാവിൽപ്പൂട്ടി
കരപ്രഭുക്കന്മാരിരുന്നു കാണുന്നു
വറുതി തുള്ളിയ്ക്കും നരന്റെ താണ്ഡവം.'

ഈ കവിതയിൽ ഇടശ്ശേരിക്കവിതയുടെ വ്യക്തിത്വത്തിന്റെ ഒരു മുഖ്യാംശമായ നർമ്മരസം കലർന്നു കാണാം. പെട്ടിയിൽ പണം വെച്ചു പൂട്ടിയ കരപ്രഭുക്കന്മാരെ ധിക്കരിച്ചു കൊണ്ട്, 'തിരനുരയണിത്തലേക്കെട്ടു വെച്ച വരുണച്ചെട്ടിയാർ' കടപ്പുറം തോറും വെൺവിപണി തുറക്കുന്ന കഥയാണ് അദ്ദേഹം പറയുന്നത്. ഈ നവവണിക്കിന്റെ ആവിർഭാവം കൊണ്ട് ഈശ്വരൻ മനുഷ്യനെ കൈവെടിഞ്ഞിട്ടില്ലെന്നു തെളിയുന്നതായി കവി കരുതുന്നു.

'കിഴക്കൻ മാമല കയറിദ്ദൂരാലി–
ങ്ങൊഴുകിയെത്തിടുമരുണരശ്മിയും
പടിഞ്ഞാറൻ കടൽത്തിരകളെത്താണ്ടി
പ്പടവേറിയെത്തും വെളുത്ത മത്തിയും
ഒരു മുഹൂർത്തമിത്തിരുനടയിങ്കൽ
പ്പുരുഷാരം നില്പാണനന്യ സങ്കല്പം
ഇവിടെ പ്രത്യക്ഷം മഹാമഹേശ്വരൻ
ഭുവനത്തിന്നാകെത്തരുമനുഗ്രഹം.'

അരിയില്ല, ഗോതമ്പില്ല. വേണ്ട. മത്തിയും മരക്കിഴങ്ങുമുണ്ടായാൽ മനുഷ്യൻ ജീവിക്കും. മത്സ്യത്തിന്റെ ലോകത്തിൽ കരിവിപണിയില്ല. വരുണച്ചെട്ടിയാർ അതനുവദിക്കുകയില്ല. അല്പം കൊണ്ടു പോലും സന്തോഷിക്കുന്ന മനുഷ്യന്റെ ആഹ്ലാദസ്വരം നിങ്ങൾക്കു കേൾക്കണോ? കേട്ടുകൊള്ളുക.

'ഒരു കിലോ പൂളക്കിഴങ്ങുണ്ടെൻ വീട്ടിൽ
ഇരുന്നൂറു മത്തി തികച്ചും കിട്ടുകിൽ
നടക്കട്ടെ, യെന്തിന്നിനി വിളംബിപ്പ–
തൊടുവിലത്തോന്റെ പിറന്നാളാഘോഷം'

മറ്റൊരു സ്വരം: മത്സ്യസമൃദ്ധിയിൽ, പശി തീർന്നുന്മേഷം തിരിച്ചു കിട്ടിയ ഭർത്താവ് കിടക്കാൻ നേരത്തു ഭാര്യയോടു പറയുന്നു.

'ഉണരണം പെണ്ണേ, പുലർച്ചെ നീ, ചായ
തരണം, നംബറുണ്ടെനിക്കല്ലോ നാളെ'

ഈയാൾ ഇടശ്ശേരിയോടൊപ്പം ഒരു കോടതിക്കാരൻ തന്നെ. വിശക്കാത്ത വയറ് ഉറക്കത്തെ വെറുതെ വിടും. മൂക്കു മുട്ടെത്തിന്നുറങ്ങാൻ പോകയാണ്. പക്ഷേ, അടുത്ത നാളത്തെ കാര്യം ഓർക്കാതെ കഴിയുമോ? ചുമതല ഭാര്യയെ ഏല്പിച്ചു.

എല്ലാം കഴിഞ്ഞു കവിയുടെ ഭരതവാക്യം. ജനസർവ്വസ്വമായ വേദത്തെ പണ്ടു അപഹരിച്ചു കടലൽച്ചാടിയ ഹയഗ്രീവനിൽ നിന്നു വേദത്തെ തിരിച്ചു മേടിക്കാൻ പരംപുരുഷൻ മീനായി അവതരിച്ചു. ഒരു നൂറായിരം ഹയഗ്രീവന്മാരാൽ അപഹൃതസർവ്വസ്വരായ ജനങ്ങളെ രക്ഷിക്കാൻ ഇതാ മീൻ പെരുകിപ്പെരുകി വന്നിരിക്കുന്നു. കരപ്രഭുക്കൾ തന്നെ തോൽക്കും. പരമ്പുരുഷൻ തോൽക്കില്ല. ജനം തോൽക്കില്ല.

ജനം തോറ്റു കൂടെന്ന് നിർബ്ബന്ധമുള്ള ഒരു കവിയാണ് ഇടശ്ശേരി. 'ബുദ്ധനും ഞാനും നരിയും' എന്ന കവിതയിൽ ഈ നിർബ്ബന്ധം കാണാം. മനുഷ്യന് ഇത്തിരി ഹിംസ കൂടി നിലനില്പിന്നായിച്ചെയ്യാം എന്ന് കവി ധ്വനിപ്പിയ്ക്കുന്നു. കവിയുടെ നർമ്മബോധം ഈ കവിതയിലും ഒളി വീശിയിട്ടുണ്ട്. ഒരു ദുരിതക്കാരനായ മനുഷ്യൻ ചുമലിലൊരിത്തിരി റേഷനരിയും, നെഞ്ചറയിൽ ഒട്ടധികം ചുടുചിന്താഭാരങ്ങളുമായി കാട്ടുവഴിക്കു സ്വന്തം വീട്ടിലേക്കു നടന്നു. നരിയുള്ള വഴിയാണ്. നമ്മുടെ രസികൻ ചങ്ങാതി നമ്മോടു ചോദിക്കുകയാണ്.

'അരിയില്ല, തിരിയില്ല, ദുരിത,– മാണെങ്കിലും
നരി തിന്നാൽ നന്നോ മനുഷ്യന്മാരേ?'

സ്വന്തം ചോദ്യം ചെവിയിലെത്തിയപ്പോൾ അയാൾ പോലും മനസ്സുകൊണ്ടു ചിരിച്ചിരിക്കണം. നമുക്ക് രസത്തിലൊന്നു ചുണ്ടു വിടർത്താതിരിക്കാൻ കാരണമൊന്നുമില്ല. ഏതായാലും ചങ്ങാതിയെ നരി പിടിക്കാതിരിക്കട്ടെ. പക്ഷേ അതാ തീക്കണ്ണുകൾ. നരി പിടിച്ചതു തന്നെ. ഇല്ല. ചങ്ങാതി സ്വയം രക്ഷിച്ചു. അഹിംസാമൂർത്തിയായ ബുദ്ധന്റെ ഒരു പ്രതിമയാണ് ഒത്തു കണ്ടത്. അതു തള്ളി നരിയുടെ പുറത്തിട്ടു ദുരിതക്കാരൻ കടന്നു കളഞ്ഞു. രണ്ടു കാതം വഴി ലാഭിക്കാൻ കാട്ടുവഴി പിടിച്ചതാണ്. വീട്ടിൽ ഭാര്യയും കുട്ടികളും പട്ടിണി. അവരെയോർത്താണ് എളുപ്പവഴിയ്ക്കു വെച്ചത്. അവരുടെ വിശപ്പാറ്റി. പക്ഷേ, ഹിംസ ചെയ്തു പോയി. അതു ശരിയോ തെറ്റോ?

'ഇടയുള്ളോർ വാദിപ്പിൻ – മാർഗ്ഗവും ലക്ഷ്യവു
മിടറിയോ? ഞാനൊന്നു തല ചായ്ക്കട്ടെ.'

മാർഗ്ഗ – ലക്ഷ്യത്തർക്കം നമുക്ക് പ്രിയപ്പെട്ട ഒരു വിഷയമാണല്ലോ. ഇടശ്ശേരി നമ്മുടെ ഗൗരവത്തെ ഒട്ടും ഗൗനിക്കുന്നില്ല. അദ്ദേഹം ഇങ്ങനെ ചോദിക്കുന്നു.

'ഇരുകാതം താങ്ങി ഞാൻ വരുവോളമെന്മക്കൾ
പൊരിയുകിൽ ച്ചാവുകിൽത്തെറ്റല്ലെന്നോ'

ആത്മരക്ഷ നോക്കി, അഹിംസ പരിപാലിച്ച്, സാവകാശത്തിൽ നിങ്ങൾക്കു ലക്ഷ്യം നേടാം. ലക്ഷ്യം ഏതുമാകട്ടെ. ഇവിടെ പട്ടിണിപ്പൊരിച്ചിലിൽപ്പെട്ട മക്കളെയാണ് രക്ഷിക്കേണ്ടത്. ലോകത്തിലെ ഏതു മഹാപ്രശ്നവും, അതൊരു മഹാപ്രശ്നമാണെങ്കിൽ, ഇതേ പ്രശ്നത്തിന്റെ വിസ്തരിച്ച പതിപ്പായിരിക്കും. ലക്ഷ്യ–മാർഗ്ഗചർച്ചയ്ക്ക് ഒരു വിരാമമിടുകയത്രെ ഇടശ്ശേരിയുടെ ലക്ഷ്യം. ലക്ഷ്യം നേടണമോ? അതാണ് മുഖ്യസംഗതി. മറ്റെല്ലാം അതിനു താഴെ നിൽക്കുന്നു. നമ്മുടെ ശാശ്വതമൂല്യസാഹിത്യകാരന്മാർ ഇക്കവിത എഴുതിയ ഇടശ്ശേരിയെ വെറുതെ വിടുമോ?

അതെന്തായാലും ശരി, കുറെ കാര്യങ്ങളിൽ ഈ കവിതയ്ക്കു തനതഭിപ്രായമുണ്ട്. 'മുള്ളൻചീര□ എന്ന കവിതയിൽ അദ്ദേഹം അതു തെളിയിച്ചു പറഞ്ഞിരിക്കുന്നു.പുതുമഴയ്ക്കുഴുതിട്ട മണ്ണിൽ, പെട്ടെന്നൊരു മുള്ളൻ ചീര മുളച്ചു വളർന്നു. വല്ലാത്ത വളർച്ച തന്നെ. ദഷ്ടൻ പന പോലെ വളരും. നടുതല വെയ്ക്കാൻ, അച്ഛനു മുമ്പു മണ്ണൊരുക്കാൻ വന്ന തരുണൻ ആ ചീരയും നോക്കി നിന്നു. എങ്ങനെ അതിനെ കിളച്ചു മറിക്കും? അങ്ങനെ നിന്നു നേരം പോയി. അച്ഛൻ വന്നു. ശകാരത്തെ മുന്നോടിയാക്കിയിട്ട്. അദ്ദേഹം സംശയിച്ചില്ല. ഒറ്റക്കിളയ്ക്കു ചീര മറിച്ചു. പറമ്പിലെ പണി കഴിഞ്ഞു പോകുമ്പോൾ നമ്മുടെ യുവാവ് മനസ്സിലിങ്ങനെ പാടി.

'വിജയിക്ക മേൽക്കു മേൽ ക്രൗര്യമേ, സംസ്കാര–
വിഭവത്തിനെന്നുടെ പൈതൃകം നീ.'

സംസ്കാരത്തിന്റെ ഒരവിഭേദ്യാംശം ക്രൗര്യം. ചീരക്കഥയിലെ അച്ഛന്റെ പ്രവൃത്തി ആ ക്രൗര്യത്തിന്റെ അനിവാര്യതയെ കാണിക്കുന്നു. ഹിംസിക്കേണ്ടതിനെ ഹിംസിക്കുക. അതു മകന്റെ കണ്ടുപിടുത്തമല്ല, അച്ഛനിൽ നിന്നു കിട്ടിയതാണ്. അച്ഛനോ അതിന്നു മുമ്പത്തെ തലമുറയിൽ നിന്ന്. സംസ്കാരത്തിന്റെ തുടക്കത്തിലും ക്രൗര്യത്തിന് ഒരു സ്ഥാനമുണ്ടായിരിക്കാം. ഇടശ്ശേരി ഇതൊക്കെ വെട്ടാവെളിച്ചമായിപ്പറയുന്നു എന്നത് അത്ഭുതമാണ്. നാം ഇത്തരം ചോദ്യങ്ങളുടെ മുമ്പിൽ നാണിക്കുകയാണ് പതിവ്. ഈ കവി പതറാതെ യാഥാർത്ഥ്യത്തിന്റെ മുഖത്തു തറച്ചു നോക്കുന്നു എന്നേ ഇതിന്നർത്ഥമുള്ളു.

ഇടശ്ശേരിക്കവിതയുടെ സാമൂഹ്യാർത്ഥങ്ങളെപ്പറ്റിയാണ് ഇതു വരെ പ്രസ്താവിച്ചത്. ഇത്രയും അദ്ദേഹത്തിന്റെ കാവ്യസമ്പത്തിന്റെ ഒരു ചെറിയ അംശമാണ്. ഇടശ്ശേരിയെ പ്രശസ്തനാക്കാൻ സഹായിച്ച വേറെയും കവിതകൾ ഉണ്ട്. 'പെങ്ങൾ', 'പൂതപ്പാട്ട്', 'കറുത്ത ചെട്ടിച്ചികൾ', 'വിവാഹസമ്മാനം' തുടങ്ങിയവ. ഇവയിൽ വെച്ച് ഏറ്റവും ഹൃദ്യം 'വിവാഹസമ്മാന'മാകുന്നു. ഒരു വലിയ ദുഃഖത്തെ ആറ്റിക്കുറുക്കി ആറ്റിക്കുറുക്കി ഒരു കൊച്ചളുക്കിലൊതുക്കുകയാണ് കവി ഇവിടെ ചെയ്തിട്ടുള്ളത്. ഒരിടിമിന്നൽ മനസ്സിന്റെ അഗാധതലത്തിലേക്ക് കടന്നു കേറി നമ്മെ ഞെട്ടിച്ചു കളയുന്ന പോലുള്ള ഒരനുഭവം. തുടക്കവും പോക്കും കണ്ടാൽ, കനത്ത കാര്യമൊന്നുമില്ലെന്ന് തോന്നും. അനുജത്തിക്ക് മംഗല്യഭാഗ്യമുണ്ടായതിൽ ഒട്ടുമസൂയാലുവാകാതിരുന്ന ജ്യേഷ്ഠത്തി, അമ്മക്ക് കണ്ണിനൊരു ശകുനപ്പിഴയായിത്തീർന്നു. ഒരമ്മയ്ക്കു നിരക്കാത്ത കുത്തുവാക്കുകൾ, സ്നേഹശീലയായ ഒരു ജ്യേഷ്ഠത്തിക്ക് പൊറുക്കാൻ വയ്യാത്ത വിദ്വേഷശങ്കാവിഷം. അവൾ കൊച്ചനുജനെ കൂട്ടി ചണ്ടിക്കുളത്തിൽ കുളിക്കാൻ പോയി. അനുജനോട് അരുമയായി സല്ലപിച്ചുകൊണ്ട് അവൾ കയത്തിലേക്ക് താണു പോകുന്നു. തന്റെ ആത്മാഹൂതിയായിരിക്കട്ടെ, അനുജത്തിക്കുള്ള വിവാഹസമ്മാനം. അവളുടെ വരൻ അത്രനാളത്തെ തന്റെ കാമുകൻ. ക്രൂരമായി വഞ്ചിക്കപ്പെട്ട ഒരു യുവതിയുടെ പ്രതികാരം. അനുവാചകൻ നടുങ്ങിപ്പോകുന്നു. അത്ര സാരമല്ലാതെ കണ്ട പുക, ഒരു ടൈംബോംബിന്റെ എണരിൽ പിടിച്ച തീയിന്റേതായിരുന്നു എന്ന് ആരോർത്തു! ഈ കവിതയുടെ ആദ്യഭാഗത്തെ പതിഞ്ഞ മട്ട് നമ്മെ സമർത്ഥമായി വഞ്ചിച്ചു. എങ്കിലും അവിടെയും ഒടുവിലത്തെ വിസ്ഫോടനത്തിന്റെ ആദ്യത്തെ പൊരികളുണ്ട്.

'അമ്മ പറഞ്ഞില്ലേ, പെൺകിടാവി–
ന്നാറാടാൻ തെല്ലുപുലർന്നാലെന്തേ?"ഓർത്തുനടക്കണ, മേറെച്ചിത്രം
ഓട്ടപ്പെടു'മെന്നവർ പറഞ്ഞു.

..............................................

കാലേകുളിച്ചാലോ വേശിയാട്ടം,
കാലത്തെണീക്കാഞ്ഞാൽ കള്ളനാട്യം'

അവൾ വശം കെട്ടിട്ടാണ് ആഴത്തിൽ മുങ്ങിയത്.

ഈ കവിതയിലെ അപമൃത്യു വരിച്ച നായികയും, ശ്രീ എം. ടി. വാസുദേവൻ നായരുടെ 'കുട്ട്യടത്തി'യും മിക്കവാറും സഗർഭ്യരാണ്. അത് നല്ലൊരു കഥ, ഇത് നല്ലൊരു കവിത. നല്ല എന്ന വാക്കിന്റെ മുഴുവൻ അർത്ഥവും കരുതികൊണ്ടാണ് ആ വാക്ക് ഇവിടെ പ്രയോഗിച്ചിട്ടുള്ളത്.

'വിവാഹസമ്മാന'ത്തിന്ന് വളരെ മുമ്പ് എഴുതപ്പെട്ട 'പെങ്ങളും' ഓർത്തു വെക്കേണ്ട ഒരു കവിതയാണ്. ഒരു കൊച്ചനുജനെ വളർത്താനായി, സർവ്വവും ത്യജിച്ച ഒരു ജ്യേഷ്ഠത്തിയുടെ പരാജയമാണ് ഈ കവിതയിലെ പ്രമേയം, ശ്രീ എൻ, മോഹനന്റെ 'പൂജക്കെടുക്കാത്ത പൂക്കൾ' ഉറൂബിന്റെ 'അവർ സന്തോഷിക്കട്ടെ' എന്നീ കഥകൾ പെങ്ങളിലെ പ്രമേയത്തെ ഏറെ വ്യത്യാസം കൂടാതെ പ്രതിപാദിക്കുന്നവയാണ്. ഇടശ്ശേരി അവർക്കൊക്കെ മുമ്പാണ് പെങ്ങളെ കണ്ടെത്തിയത്. അനാഥയായ ഒരു പെൺകിടാവ്, അമ്മയുടെ മരണശയ്യയിൽ വെച്ച്, മുലകുടി മാറാത്ത കൊച്ചനുജന്റെ ഭാരം ഏൽക്കുന്നു. പിന്നെ അവൾക്ക് അവൻ മാത്രമായി ജീവിതം. നാലാം വയസ്സിന്റെ നട്ടപ്രാന്തിൽ ഓലപ്പാമ്പിനെ കൊടുക്കാത്ത ദ്വേഷത്തിന് അവൻ കളിമൊച്ചിങ്ങകൊണ്ടെറിഞ്ഞ ഏറു കൊണ്ട് കൺകടയ്ക്ക് ഏറ്റ മുറിവ് ചോരയൊലിച്ചും പഴുത്തലിഞ്ഞും ഒരു വടുവായിത്തീർന്നു. തന്റെ ചന്തമുള്ള മുഖത്തേക്കാൾ ആ വടുവിനെ അവൾ ആരാധിച്ചു. അവന്റെ അനിഷ്ടത്തെക്കരുതി അവൾ കാമുകനെ ഉപേക്ഷിച്ചു. അന്യനാട്ടിൽ പോയി അവൾ അനുജനെ വളർത്തി ഒരാണാക്കി. ഒരാണായിക്കഴിഞ്ഞപ്പോൾ അവൻ ജേഷ്ഠത്തിയെ കൂട്ടിൽ കയറ്റി കേസ്സ് വിചാരണ ചെയ്തു. അവൾ ഗർഭിണി തന്റെ അഭിമാനമല്ലെ കാര്യം? വിചാരണയിൽത്തെളിഞ്ഞു.

'തേവിത്താണകുളം പോലേറെ –
ക്കലുഷിതമേതൽക്കന്യാചരിതം.'

അനുജൻ കുനുമീശയിൽ വിരലോടിച്ച് സിഗരറ്റും പുകച്ചിരുന്നു. അവന്റെ അടുത്ത് ഒരു വെള്ളിസിഗരറ്റുകേസ്സ്, അവന്റെ കയ്യിൽ ഒരു പട്ടുതൂവ്വാല. എല്ലാം അവളുടെ അപഥചാരിണിത്വത്തിന്റെ ഫലങ്ങൾ. പക്ഷേ, അവയോടല്ല, അവളോടാണ് ഈ സംസ്കാരക്കാരന്ന് വിരോധം അവൾ പറഞ്ഞു.

'പോകുക നോക്കിവിടം വിട്ടുണ്ണീ
ആമെന്നാലെൻ പാപത്തിനുമാ-
പ്പേകുക.......'

അവന് ഒരക്ഷരം പറയാനില്ല.

'വയ്യാ മാപ്പു തരാനെൻ കുട്ടനു,
ഞാനപരാധിനി....'
മൗനം തുടരുന്നു.
'പോകാം ഞാ,നെൻ കുട്ടനിരിക്കുക.'
ആ നിമിഷത്തിലെ സ്തോഭം
'ആ മണിയറയുടെ വാതിലതിൽ തിരി
കുറ്റിയിൽ നിന്നു കരഞ്ഞൂ നിമിഷം
ആ യുവമാന്യനുയർത്തീലാ മുഖ,
മിളകീലാ തൽക്കൈകൾ വിലക്കാൻ.'

അവൾ ഇറങ്ങി, തളർന്നു, തിരിഞ്ഞു നോക്കി – പക്ഷേ അവൻ മാന്യനാണല്ലോ, മാന്യത! ഈ മനുഷ്യനെന്ന സത്വം മാന്യതയ്ക്ക് കൊടുത്തിട്ടുള്ള അർത്ഥമെന്താണ്? തന്റെ സഹോദരിയുടെ പാപക്കറ ഘനീഭവിച്ചുണ്ടായതാണ് താൻ. ആ താനിരിക്കുന്നു. ജ്യേഷ്ഠത്തിയുടെ ഗർഭത്തിലെ ശിശുവും ജ്യേഷ്ഠത്തിയുമാണ് ഇരുന്നു കൂടാത്തത്. കൃതഘ്നത സ്നേഹത്തേയും ത്യാഗത്തേയും വെറും ഉണക്കപ്പുല്ലായിത്തള്ളുന്നു. മാന്യതയുടെ മിഥ്യ സഹൃദയന്റെ മനസ്സിൽ പൊട്ടിത്തകർന്നടിയുന്നു!

ഈ കവിതയുടെ ദുഃഖഭാരഗൗരവത്തിന്റെ നേരെ മറിച്ചടിയാണ് 'പൂതപ്പാട്ട്' എന്തു ലാളിത്യം! എന്തു ലാഘവം! ഇടശ്ശേരിക്കവിത ഒരു കൊച്ചുകുഞ്ഞായി കൊഞ്ചിക്കുഴയുന്നു പൂതപ്പാട്ടിൽ. വളരെ പ്രസിദ്ധി നേടിയിട്ടുള്ള ഈ കവിതയിലാണ് ഇടശ്ശേരിക്കവിതയുടെ രചനാസൗകുമാര്യം തനിപ്പൊന്നായി പരിലസിക്കുന്നത്. അതങ്ങനെയുള്ള ഒരു വിഷയമാണ്. വിഷയസ്വഭാവം പ്രതിപാദത്തെയും സ്വാധീനിയ്ക്കുമല്ലോ. സൗമ്യവിഷയങ്ങൾ ഈ കവി അപൂർവ്വമായേ കൈക്കൊള്ളാറുള്ളു. ഭാവനയുടെ പിഞ്ചികാചാലനം കൊണ്ട് കാണികളെ അമ്പരിപ്പിക്കുന്ന സന്ദർഭങ്ങളും ഇടശ്ശേരിക്കവിതയിൽ അപൂർവ്വമാണ്. നിശിതമായ സത്യം, വസ്തുത ഇവയിലാണ് കവിക്ക് ആസക്തി. ചുരുക്കം ചില അവസരങ്ങളിൽ ഭാവനപ്പൊന്നണിക്കഞ്ചുകമണിഞ്ഞു പകിട്ട് കാണിക്കാൻ അദ്ദേഹവും മുതിരാറുണ്ട്. 'കറുത്ത ചെട്ടിച്ചികൾ' ഇക്കൂട്ടത്തിൽ പെടുന്നു. കറുത്ത മഴമേഘങ്ങളേയും കുപ്പിവളകളും ചാന്തുസിന്ദൂരവും ചീർപ്പുകണ്ണാടിയും വിൽക്കാൻ വരുന്ന തമിഴത്തികളേയും കറുത്ത ചെട്ടിച്ചികളിൽ അദ്ദേഹം ചേർത്തു കെട്ടി. മഴമേഘങ്ങൾ സമൃദ്ധി വിതയ്ക്കും. ആ സമൃദ്ധി കൊയ്തെടുക്കുമ്പോൾ ചെട്ടിച്ചികൾ കച്ചവടത്തിന്നിറങ്ങും. അയൽനാടുകളുമായി ഒരു വൈകാരികൈക്യം ഉണ്ടാക്കാൻ കവിയ്ക്കു മോഹമുണ്ട്. ചെട്ടിച്ചികളുടെ നാടിനെ ഉദ്ദേശിച്ച്

'ഭാഗ്യം കെടില്ലൊരു നാട്ടിനുമുണ്ടയൽ –
പക്കങ്ങളെങ്കിൽ സഹകരിച്ചീടുവാൻ!'

എന്ന് കവ് ആശംസിക്കുന്നു. ഈ ആശയം വളരെ വിശാലമാകുന്നു. കേരളത്തിനും, ഇന്ത്യക്കും ഇത് ഒരു പോലെ ബാധകം. പക്ഷേ, ഇടശ്ശേരിയുടെ വാക്ക് 'അറ'മായിപ്പോയോ? കേരളത്തിന്റെയും ഇന്ത്യയുടെയും ഭാഗങ്ങളെ കെണിച്ചെടുക്കാനാണ് രണ്ടു വകയിലെ അയൽപക്കങ്ങളും ശ്രമിക്കുന്നത്. എന്തു ചെയ്യാം? കവിക്ക് ആശംസിക്കാനേ പറ്റൂ. അപ്പുറമുള്ള കാര്യങ്ങൾ നമ്മുടെ വരുതിയിലല്ലല്ലോ.

ഇടശ്ശേരി ജീവിതപ്രശ്നങ്ങളോട് സമചിത്തത പാലിച്ചു മല്ലടിച്ചു പോരുന്ന ഒരു മനുഷ്യനായിട്ടാണ് തന്റെ കവിതകളിൽ പെരുമാറുന്നത്. എല്ലാം ശിവം, സുന്ദരം എന്നദ്ദേഹം കരുതുന്നില്ല. എല്ലാം നശിച്ചു എന്ന വിഷാദവും അദ്ദേഹത്തിനില്ല. അദ്ദേഹം ഇങ്ങനെ പാടുന്നു.

'വാഴ്വിന്നുണ്ടൊരു ഗാനമാധുര്യം
വാഴ്വിന്നുണ്ടു വിശിഷ്ടമൊരർത്ഥം
വാഴ്വിന്നുണ്ടു സമുന്നതോദ്ദേശം
വാഴാം നമ്മൾക്ക് മർത്ത്യരെപ്പോലെ.'

(നാളത്തെ പാട്ട്)

ഈ ഒടുവിലത്തെ വരി കൊണ്ട് അതിന്ന് മുമ്പിലത്തെ സ്വപ്നങ്ങളെ മണ്ണിലേക്കിറക്കിക്കെട്ടുന്നു കവി. നാം മർത്ത്യരെപ്പോലെ വാഴാൻ തുടങ്ങുക. സുഖവും ദുഃഖവും ക്ലേശവും സ്വപ്നവും പ്രയത്നവും വീഴ്ചയും ഉയർച്ചയും എല്ലാം ചേർന്ന, കലർപ്പുള്ള, ഒരു ജീവിതത്തെയാണ് ഈ കവി ആദരിക്കുന്നത്. അമ്പാടിയിലേക്കു തിരിച്ചു ചെല്ലുന്ന ദാരുകനോടൊപ്പം കവി ഇങ്ങനെ പാടും.

'മടുപ്പനത്രേ കൊട്ടാരം
അയത്നസുലഭസുഖാഗാരം
ഇടയ്ക്കു കണ്ണീരുപ്പു പുരട്ടാ-
തെന്തിനു ജീവിതപലഹാരം?
വിരോധിമാരേ, നിങ്ങൾക്കാ-
യാശംസിപ്പൂ ഞാനിവയെ:

വിശപ്പൊരിക്കലുമേല്പിക്കാത്തൊരു
വിശേഷഭക്ഷണവിഭവങ്ങൾ,
വിയോഗമെന്തെന്നറിയരുതാ-
ത്തവിഘ്നസിദ്ധപ്രണയങ്ങൾ

ഒരിറ്റു നിണവും വീഴാതഴകോ–
ടൊഴിഞ്ഞു കിട്ടും വിജയങ്ങൾ!'
(അമ്പാടിയിലേക്ക് വീണ്ടും)

ദാരുകനെപ്പോലെ ഇത്തിരി കൈക്രിയയ്ക്കിടമുള്ള ജീവിതത്തിലാണ് ഇടശ്ശേരിയ്ക്കു രസം. കർമ്മോത്സുകനും സാഹസിയും പ്രത്യാശാഭരിതനും ജീവിതഹർമ്മ്യത്തെ പുതുക്കി പണിയാനുദ്യുക്തനുമായ ധീരനായ മനുഷ്യനാണ് ഇടശ്ശേരിസാഹിത്യത്തിലെ നായകൻ.

കവിതയിൽ ഒരു മുഴുസമയപ്രവർത്തകനല്ല ഇടശ്ശേരി. അദ്ദേഹം ഉപജീവനത്തിന്നു വേറെ തൊഴിൽ ചെയ്യുന്നു. ഒപ്പം സാഹിത്യത്തെയും സേവിക്കുന്നു. ഇടശ്ശേരിസ്സാഹിത്യത്തിൽ, നാടകത്തിനും ഒരു സ്ഥാനമുണ്ട്. ഇന്നോളം, അദ്ദേഹം ആറു കവിതാസമാഹാരങ്ങളും ആറു നാടക – സമാഹാരങ്ങളും നമുക്കു നൽകി.

## കിനാവ്

ഇടശ്ശേരിയുടെ നാടകങ്ങളിൽ എടുത്തു പറയേണ്ട ഒന്ന് 'കൂട്ടുകൃഷി'യാണ്. ഈ നാടകം ഒരു കാലത്ത് ഒരു വലിയ സംഭവമായിരുന്നു. അതിലൂടെ അദ്ദേഹം മനുഷ്യസമുദായത്തിലും, സാമ്പകത്തികരംഗത്തും വരുത്തേണ്ട മാറ്റങ്ങളുടെ രൂപരേഖ വരച്ചിട്ടു. സമുദായക്ഷേമത്തിന്നു വേണ്ടി നാളെ ചെയ്യേണ്ട കാര്യങ്ങളെ ഇന്നലെ സംഭവിച്ചതായി സങ്കല്പിച്ചു കൊണ്ടാണ് ഈ നാടകത്തിലെ പ്രമേയം അദ്ദേഹം രൂപപ്പെടുത്തിയത്. കൂട്ടുകൃഷി, ജന്മിയേയും കൃഷിക്കാരേയും തമ്മിലിണക്കി. മതത്തിന്റെ വരമ്പു കൊത്തി സമുദായങ്ങളെ തമ്മിലിണക്കുന്നതിനെപ്പറ്റിയും നാടകകൃത്ത് ചിന്തിച്ചു.

'കൂട്ടുകൃഷി'യിലെ ഒരു പ്രധാന കഥാപാത്രം ഇങ്ങനെ പറയുന്നു. 'ശ്രീധരൻ നായർ: ഈശ്വരാ, അങ്ങയുടെ ഉഭയം. ഞങ്ങളിട്ടിരുന്ന ഇടവരമ്പൊക്കെ ഞങ്ങൾ തന്നെ കൊത്തിയിട്ടു. ആ വരമ്പുകളാണ് കണ്ടത്തിൽ നീരൊഴുക്കില്ലാതാക്കിയത്. ഞങ്ങൾക്കിന്നതു മനസ്സിലായി.' (കൂട്ടുകൃഷി പുറം 113)

മറ്റൊരു കഥാപാത്രം അതിനോടു യോജിച്ച് സ്വയം ഇത്രയും കൂട്ടിച്ചേർക്കുന്നു.

'ബാപ്പു:: ശ്രീധരൻ നായരേ, നിങ്ങൾ മതത്തിന്റെ ഇടവരമ്പും കൊത്തി. നന്നായി കുറച്ചൊക്കെ നീരൊഴുക്കും അവിടെയും ഉണ്ടാകും'. (ടി പുറം 113)

കവി ക്രാന്തദർശിയാണല്ലോ. കണ്ടതിന്നപ്പുറം കണേണ്ടത് അയാൾ കാണും. ഇടശ്ശേരിയുടെ ഒരു കവിതയിലും ഇത്തരം ആശയങ്ങളുണ്ട്. അദ്ദേഹം ജന്മികുടിയാൻ പ്രശ്നം ഇപ്രകാരം പരിഹരിച്ചു.

'സ്ഥിരാവകാശത്തിന്നവർ കലഹിപ്പൂ
കൊടുക്കു നീയവർക്കുടമാവകാശം
ഉഴവിൻ ക്ഷേത്രത്തിലുപവസിപ്പോരാം
പരമശുദ്ധരെത്തിരഞ്ഞു ചെന്നല്ലോ
തനതുയിരൊത്ത വിളനിലങ്ങളെ
ക്കൊടുക്കുന്നു ജന്മിയുപചാരപൂർവ്വം
മറിച്ചില്ലെങ്കിൽത്തമ്മിൽ കടിച്ചു കീറിടും
മനുഷ്യരച്ഛനും മകനുമായ് മാറി
പ്രഹർഷബാഷ്പത്താൽക്കുതിർന്നു നിൽക്കവേ
സമൃദ്ധസൽഫലവതിയുമായ് ഭൂമി'

(ഭൂദാനം)

ഇത് കവിയുടെ വെറും ഒരു കിനാവ്, പക്ഷേ, ഇങ്ങനെ ചില സങ്കല്പങ്ങളെ ഏതു കവിയും സ്വകാര്യമായി മനസ്സിൽ സൂക്ഷിക്കുന്നു. പ്രതീക്ഷയോടെ ഈ ആശയങ്ങൾ കവിതയിൽ പകർത്തുന്നു, പക്ഷേ, മുനകൂർത്ത ജീവിതയാഥാർത്ഥ്യപ്പാറയിൽത്തട്ടി ഈ പളുങ്കുകൾ തകർന്നു ചിതറും. കവി സ്വപ്നജീവിയാണെന്ന് ആക്ഷേപിക്കപ്പെടും. എങ്കിലും, ഇത്തരം സ്വപ്നങ്ങളെ താലോലിക്കാത്ത കവിയാരുള്ളു?

ഈ കവി തന്നിലേക്കു ചുരുങ്ങി ആത്മാലാപം ചെയ്യുന്ന നിമിഷങ്ങൾ ചുരുക്കമാണ്. എങ്കിലും ചിലപ്പോൾ അങ്ങിനത്തെ ചില മുത്തുകളും ഇടശ്ശേരിച്ചിപ്പിയിൽ വിളയും. കുറ്റിപ്പുറം പാലത്തെക്കുറിച്ചുള്ള ഒരു കവിത അതിന്നു ദൃഷ്ടാന്തമാണ്. ഈ പാലത്തിന്റെ നിർമ്മാണം പൊന്നാനിക്കാരനായ കവിക്ക് എത്രയും ആഹ്ലാദകരമായ ഒനുഭവമായിരിയ്ക്കാം. എങ്കിലും, പാലത്തിൽക്കയറ്റി നിൽക്കുന്ന കവിയുടെ ആഹ്ലാദം കലർപ്പറ്റതല്ല. അദ്ദേഹം പറയുന്നു:

'ഉണ്മയിൽപ്പുതുലോകത്തിന്നു തീർത്തോ
രുമ്മറപ്പടിയാമിപ്പാലത്തിന്മേൽ
അനുദിനം മങ്ങുമഗ്രാമചിത്രം
മനസാ ഞാനൊന്നു മുകർന്നു നിന്നു'

..............................................................

'കടുതരം പകലെങ്ങും ശബ്ദപൂരം
കടുതരമിരവിലും ശബ്ദപൂരം
മുറുകിടും ശബ്ദങ്ങളെങ്ങുമെങ്ങും
മുറുകിടും ചലനങ്ങളെങ്ങുമെങ്ങും'

..................................................

'കളിയും ചിരിയും കരച്ചിലുമായി–
ക്കഴിയും നരനൊരു യന്ത്രമായാൽ
അംബ പേരാറേ, നീ മാറിപ്പോമോ
ആകുലമായൊരഴുക്കുചാലായ്?'

ഈദൃശവികാരങ്ങൾ ഒരു കവിക്കു ചേർന്നതു തന്നെ. പാറിപ്പടരുന്ന നാഗരികത ഗ്രാമമൂലകളെപ്പോലും ശബ്ദമുഖരിതമാക്കി ചെയ്യുമ്പോൾ ഏകാന്തരമ്യമായ ശാന്തിവാടങ്ങളെത്തിരിഞ്ഞ് നടക്കുന്ന മനുഷ്യൻ

അസ്വസ്ഥനാകാം. ഇടശ്ശേരി അക്കാര്യമേ സൂചിപ്പിച്ചുള്ളൂ.

ഇടശ്ശേരിയുടെ ഈയിടത്തെ കവിതകളിൽ അല്പമൊക്കെ 'സിനിസിസം' കടന്നു കൂടിയിട്ടുള്ള പോലെ തോന്നുന്നു. ആദ്യം കണ്ട ആവേശവും പൊട്ടിത്തെറിക്കാനുള്ള വെമ്പലും ആറിത്തണുത്ത പോലെ. അടുത്ത കാലത്ത്, ഇടശ്ശേരി എഴുതിയ 'പള്ളിക്കൂടത്തിലേയ്ക്കു വീണ്ടും' എന്ന കവിതയിൽ ഈ ഏതാണ്ടൊരു വിഷാദമഗ്നത തെളിഞ്ഞു കാണാം. തന്റെ ഇളയ മകൻ പള്ളിക്കൂടത്തിൽച്ചേരുന്നു. ചേച്ചി അവനെ കൊണ്ടു പോകാൻ ഒരുക്കി. കവി അതു കണ്ട് അമ്പതു കൊല്ലം മുമ്പത്തെ സമാനമായ ഒരു രംഗം സ്മരിച്ചു. അന്നും കാര്യങ്ങൾ ഇങ്ങനെത്തന്നെ. ചെറിയ ഒരു വ്യത്യാസം മാത്രം. അന്ന്, കവി രസത്തോടെ ഓർത്തു.

'പെണ്ണുങ്ങൾക്കൊരെള്ളിൻ പൂവൊത്ത മൂക്കിൽ
തൂങ്ങിന പൊൻഞാത്തുണ്ടായിരുന്നു,
ആങ്ങള തൻ മുഖം പൗഡർ പൂശി
മിന്നിത്തിളങ്ങിയിരുന്നുമില്ല'

മകൻ പുറപ്പെട്ട് ആശിസ്സിന്നായി മുമ്പിൽ നമ്രശീർഷനായി നിൽക്കുന്നു. അച്ഛൻ അവന്നെന്താശിസ്സു നൽകും? ഏതാനും ചില നിമിഷങ്ങൾക്കുള്ളിൽ അച്ഛൻ വളരെക്കാര്യങ്ങൾ ചിന്തിച്ചു കഴിഞ്ഞിരിക്കുന്നു. മനുഷ്യൻ പഠിക്കുന്നു. എന്തു പഠിപ്പാണ്? പലതും പലതും വ്യർത്ഥം. എന്താണിപ്പോൾ ആശംസിക്കേണ്ടത്? അച്ഛൻ തനിക്കു നൽകിയ പഴയ ആശിസ്സിനെപ്പറ്റി കവി ഓർത്തു. 'കയ്യക്ഷരം നല്ലതാക്കൂ!' അച്ഛന്റെ ആശിസ്സ്, അല്പകല്പന! അച്ഛന്റെ കാലത്തെ ലാളിത്യം ഇന്നത്തെ ജീവിതത്തിനില്ല. ജീവിതം കൂടുതൽ സങ്കീർണ്ണമാണ്.

ജീവിതായോധനത്തിൽ ഏതായുധം മകനേന്തണമെന്ന് പറയാൻ അച്ഛന്ന് പ്രാഗല്ഭ്യമില്ല. നീയെന്തായിത്തീരണം? ആ സങ്കല്പമുകുളം നിന്നിൽത്തന്നെ വിരിയട്ടെ. കവി മകന് ഇപ്രകാരം ആശിസ്സേകി.

'ഭദ്രമായോരു ഹൃദയമുണ്ടേ,
ശക്തമായോരിളം പൂവുടലും.
ഞാനിതാശംസിയ്ക്കാം, നീയഭീഷ്ടം
ജ്ഞാനങ്ങൾ നേടിക്കഴിയുമ്പോഴും
ഈ മനശ്ശോഭയൊത്തിശ്ശരീര-
സ്ഥേമാവഭംഗുരമാക നിങ്കൽ!'

ഷഷ്ടിപൂർത്തിക്കാരൻ കവി മനുഷ്യതതിയ്ക്കാകെയായി നൽകുന്ന സന്ദേശമാണിതെന്ന് ഞാൻ കരുതുന്നു. നാം ഒരു ജനതയെന്ന നിലയ്ക്കു പുതിയ ജ്ഞാനങ്ങളും സിദ്ധികളും നേടാൻ ഇറങ്ങിപ്പുറപ്പെട്ടിട്ടേ ഉള്ളൂ. കൈമോശം വരാതെ സൂക്ഷിക്കേണ്ട മൂല്യങ്ങൾ, ലക്ഷ്യങ്ങൾ നമുക്കുണ്ട്. നാം അവയെ കാത്തു സൂക്ഷിക്കുകയില്ലേ? നമ്മെ അനുനിമിഷം ഇക്കാര്യത്തിൽ ജാഗരൂകരാക്കാൻ, ഷഷ്ടിപൂർത്തി ആഘോഷിച്ച ഒരു കവി നെടുവഴി നീളെ നമ്മോടൊപ്പമുണ്ടായിരിക്കട്ടെ!

മാതൃഭൂമി ആഴ്ചപ്പതിപ്പ്

1966 ഡിസംബർ 25